**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 14** **10-06-2024 - ൽ മറുപടിയ്ക്ക്**

**കൊച്ചി ജലമെട്രോ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ദെലീമ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കൊച്ചി ജലമെട്രോ അത്യാധുനികവും പരിസ്ഥിതി സൗഹൃദവുമായ ജലഗതാഗത ശൃംഖലയായി വികസിച്ചുവരുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കൊച്ചി ജലമെട്രോയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br>പരിസ്ഥിതിസൗഹൃദ ജലഗതാഗത സംവിധാനമെന്ന നിലയിൽ ദേശീയ  അന്തർദേശീയ തലത്തിൽ സ്വീകാര്യത ലഭിച്ച പദ്ധതിയാണ് കൊച്ചി ജലമെട്രോ. എറണാകുളം ജില്ലയിലെ വിവിധ ദ്വീപുകളുമായി ബന്ധിപ്പിച്ച് ഗതാഗത സൗകര്യവും, ടൂറിസവും മെച്ചപ്പെടുത്തുന്ന  ഈ പദ്ധതിയിൽ 38 ടെർമിനലുകൾ ആണ് വിഭാവനം ചെയ്തിരിക്കുന്നത്. 10 ടെർമിനലുകൾ നിലവിൽ പ്രവർത്തിച്ചു വരികയാണ്. 4 ടെർമിനലുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. 24 ടെർമിനലുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഏതെല്ലാം റൂട്ടുകളിൽ എത്ര ബോട്ടുകൾ വീതം സർവ്വീസുകൾ നടത്തികൊണ്ടാണ് കൊച്ചി ജലമെട്രോ ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | ഹൈക്കോർട്ട് - വൈപ്പിൻ, വൈറ്റില-കാക്കനാട് എന്നീ 2 റൂട്ടുകളിലായി ഹൈക്കോർട്ട്, വൈപ്പിൻ, വൈറ്റില, കാക്കനാട് എന്നീ 4 ടെർമിനലുകളെ ബന്ധിപ്പിച്ചു കൊണ്ട് 2023 ഏപ്രിൽ 7-ന് കൊച്ചി ജലമെട്രോ പ്രവർത്തനം ആരംഭിച്ചു. |
| (സി) | കൊച്ചി ജലമെട്രോയെക്കുറിച്ചു പഠിക്കുന്നതിനും ആയത് നടപ്പിലാക്കുന്നതിനുമായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ധാരാളം പേർ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്.<br>ഇന്ത്യയിലെ 10 പ്രധാന നഗരങ്ങളിൽ വാട്ടർ മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി ഇൻലാന്റ്  വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യയും മുംബൈ നഗരത്തിൽ മുംബൈ പോർട്ട് അതോറിറ്റിയും കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡിനെ സമീപിച്ചിട്ടുണ്ട്. |
| (ഡി) | പ്രതിദിനം എത്ര സർവ്വീസുകൾ നടത്താൻ സാധിക്കുന്നുണ്ടെന്നും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (ഡി) | 5 റൂട്ടുകളിലായി ശരാശരി 30 മിനിറ്റ് ഇടവേളകളിൽ 14 ബോട്ടുകൾ ഉപയോഗിച്ച് 150 ട്രിപ്പുകൾ പ്രതിദിനം സർവ്വീസ് നടത്തി വരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ 23 ബോട്ടുകളിൽ ബാക്കിയുള്ള 9 ബോട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരികയാണ്. ബോട്ടുകൾ |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്ന മുറയ്ക്ക് കൂട്ടുതൽ സർവ്വീസുകൾ നടത്താൻ കഴിയും. |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *14 10.06.2024-ൽ മറുപടിയ്ക്ക്

## കൊച്ചി ജലമെട്രോ പദ്ധതി

| ചോദ്യം<br>**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**<br>**ശ്രീ. കെ. ജെ. മാക്സി**<br>**ശ്രീമതി ദെലീമ**<br>**ശ്രീ. പി.വി. ശ്രീനിജിൻ** | | മറുപടി<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | കൊച്ചി ജലമെട്രോ അത്യാധുനികവു ം പരിസ്ഥിതി സൗഹൃദവുമായ ജല ഗതാഗത ശൃംഖലയായി വികസിച്ചു വരുന്നതായി വിലയിരുത്തിയിട്ടുണ്ട ോ; എങ്കിൽ കൊച്ചി ജലമെട്രോയു ടെ നിലവിലെ പുരോഗതി വ്യക്തമാ ക്കാമോ; | (എ) | ഉണ്ട്.<br>പരിസ്ഥിതി സൗഹൃദ ജലഗതാഗത സ ംവിധാനമെന്ന നിലയിൽ ദേശീയ അ ന്തർദേശീയ തലത്തിൽ സ്വീകാര്യത ല ഭിച്ച പദ്ധതിയാണ് കൊച്ചി ജലമെട്രോ. എറണാകുളം ജില്ലയിലെ വിവിധ ദ്വീപു കളുമായി ബന്ധിപ്പിച്ച് ഗതാഗത സൗ കര്യവും, ടൂറിസവും മെച്ചപ്പെടുത്തുന്ന ഈ പദ്ധതിയിൽ 38 ടെർമിനലുകൾ ആണ് വിഭാവനം ചെയ്തിരിക്കുന്നത്. 10 ടെർമിനലുകൾ നിലവിൽ പ്രവർത്തിച്ചു വരികയാണ്. 4 ടെർമിനലുകളുടെ നിർ മ്മാണം അന്തിമഘട്ടത്തിലാണ്., 24 ട െർമിനലുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഏതെല്ലാം റൂട്ടുകളിൽ എത്ര ബോട്ടു കൾ വീതം സർവ്വീസുകൾ നടത്തിക ൊണ്ടാണ് കൊച്ചി ജലമെട്രോ ആ രംഭിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | ഹൈക്കോർട്ട്-വൈപ്പിൻ, വൈറ്റില-കാ ക്കനാട് എന്നീ 2 റൂട്ടുകളിലായി ഹൈക് കോർട്ട്, വൈപ്പിൻ, വൈറ്റില, കാക്കന ാട് എന്നീ 4 ടെർമിനലുകളെ ബന്ധി പ്പിച്ചുകൊണ്ട് 2023 ഏപ്രിൽ 7 ന് കൊ ച്ചി ജലമെട്രോ പ്രവർത്തനം ആരംഭിച്ചു. |
| (സി) | കൊച്ചി ജലമെട്രോയെക്കുറിച്ചു പഠിക് കുന്നതിനും ആയത് നടപ്പിലാക്കുന്ന തിനുമായി രാജ്യത്തിന്റെ വിവിധ ഭാ ഗങ്ങളിൽ നിന്നും ധാരാളം പേർ എ ത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യ ക്തമാക്കുമോ; | (സി) | ഉണ്ട്.<br>ഇന്ത്യയിലെ 10 പ്രധാന നഗരങ്ങളിൽ വാട്ടർ മെട്രോ പദ്ധതി നടപ്പിലാക്കുന്ന തിനായി ഇൻലാന്റ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യയും മുംബൈ നഗരത്തിൽ മുംബൈ പോർട്ട് അതോറിറ്റിയും കൊ |

| | | | |
|---|---|---|---|
| | | | ച്ചി വാട്ടർ മെട്രോ ലിമിറ്റഡിനെ സമീപി ച്ചിട്ടുണ്ട്. |
| (ഡി) | പ്രതിദിനം എത്ര സർവ്വീസുകൾ നട ത്താൻ സാധിക്കുന്നുണ്ടെന്നും കൂടുത ൽ സർവ്വീസുകൾ ആരംഭിക്കുന്നതി ന് എന്തെല്ലാം നടപടികൾ സ്വീകരി ച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (ഡി) | 5 റൂട്ടുകളിലായി ശരാശരി 30 മിനിറ്റ് ഇ ടവേളകളിൽ 14 ബോട്ടുകൾ ഉപയോഗി ച്ച് 150 ട്രിപ്പുകൾ പ്രതിദിനം സർവ്വീസ് നടത്തി വരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ 23 ബോട്ടുകളിൽ ബാ ക്കിയുള്ള 9 ബോട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോ ഗമിച്ചു വരികയാണ്. ബോട്ടുകൾ ലഭ്യമ ാകുന്ന മുറയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്താൻ കഴിയും. |

പിണറായി വിജയൻ
മുഖ്യമന്ത്രി

# വിശദീകരണ കുറിപ്പ്

ഇന്ത്യയിലെ പ്രഥമ വാട്ടർ മെട്രോ സംവിധാനമായ കൊച്ചി വാട്ടർ മെട്രോ പദ്ധതി ഏഷ്യയിലെ തന്നെ ഏറ്റവും ബൃഹത്തായ സംയോജിത ജലഗതാഗത സംവിധാനമായാണ് അറിയപ്പെടുന്നത്. കൊച്ചിയിലെ പത്ത് (10) ദ്വീപുകളെ നഗരപ്രദേശവുമായി ബന്ധിപ്പിക്കുവാനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പരിസ്ഥിതി സൗഹൃദമായ ജലഗതാഗത സംവിധാനമെന്ന നിലയിൽ ദേശീയ അന്തർദേശീയ തലത്തിൽ കൊച്ചി ജലമെട്രോ പദ്ധതിയ്ക്ക് സ്വീകാര്യത ലഭിച്ചിട്ടുണ്ട് .

എറണാകുളം ജില്ലയിലെ ഗതാഗത സൗകര്യവും, ടൂറിസവും മെച്ചപ്പെടുത്തുന്നതും പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുണ്ട്. പദ്ധതിക്കായി വിഭാവനം ചെയ്തിട്ടുള്ള 38 ടെർമിനലുകളിൽ 10 ടെർമിനലുകൾ നിലവിൽ പ്രവർത്തിച്ചു വരികയാണ്. ഇവയ്ക്ക് പുറമേ, 4 ടെർമിനലുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലും, ബാക്കിയുള്ള 24 ടെർമിനലുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയുമാണ്. 2023 ഏപ്രിലിൽ 7 ബോട്ടുകളുടെ സഹായത്തോടെ ഹൈക്കോർട്ട്-വൈപ്പിൻ, വൈറ്റില-കാക്കനാട് എന്നീ 2 റൂട്ടുകളിലായി ഹൈക്കോർട്ട്, വൈപ്പിൻ, വൈറ്റില, കാക്കനാട് എന്നീ 4 ടെർമിനലുകളെ ബന്ധിപ്പിച്ചുകൊണ്ടാണ് കൊച്ചി ജലമെട്രോ പ്രവർത്തനം ആരംഭിച്ചത്.

ഇന്ത്യയിലെ 10 പ്രധാന നഗരങ്ങളിലെ ജല സ്രോതസ്സുകളിൽ വാട്ടർ മെട്രോ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ഇൻലാന്റ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യ(IWAI)യും മുംബൈ നഗരത്തിൽ വാട്ടർ മെട്രോ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മുംബൈ പോർട്ട് അതോറിറ്റിയും കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡിനെ സമീപിച്ചിട്ടുണ്ട്.നിലവിൽ കൊച്ചി ജലമെട്രോ രാവിലെ 7 മണി മുതൽ രാത്രി 7.30 വരെയുള്ള സമയങ്ങളിൽ 5 റൂട്ടുകളിലായി ശരാശരി 30 മിനിറ്റ് ഇടവേളകളിൽ 14 ബോട്ടുകൾ ഉപയോഗിച്ച് 150 ട്രിപ്പുകൾ പ്രതിദിനം സർവ്വീസ് നടത്തി വരുന്നു.

ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ 23 ബോട്ടുകളിൽ ബാക്കിയുള്ള 9 ബോട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരികയാണ്. ബോട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.